LIBRARY ARCHIVES Kerala Legislative Assembly

വൈപ്പിൻ മണ്ഡലത്തിലെ സർക്കാർ ഡോക്ടർമാരുടെ തസ്തികകൾ

55 (8115) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വൈപ്പിൻ മണ്ഡലത്തിലെ സർക്കാർ ഡോക്ടർമാരുടെ തസ്തികകൾ എത്ര വീതമെന്നും നിലവിൽ എത്ര വീതം ഒഴിഞ്ഞു കിടക്കുന്നുവെന്നും പി.എച്ച്.സി., സി.എച്ച്.സി., സർക്കാർ ആശുപത്രികൾ തിരിച്ച് വിശദമാക്കാമോ ;

(ബി) ഡോക്ടർമാരെ സ്ഥലംമാറ്റിയതുമൂലം കിടത്തി ചികിത്സയുള്ള കേന്ദ്രങ്ങൾ പ്രവർത്തനരഹിതമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) കിടത്തി ചികിത്സയുള്ള കേന്ദ്രങ്ങളിലെ ഡോക്ടർമാർ സ്ഥലംമാറ്റം വാങ്ങി പോകുമ്പോൾ പകരം സംവിധാനം ഏർപ്പെടുത്തുന്നതിനും പുതിയ ആൾ ചുമതല ഏറ്റെടുക്കുന്നതുവരെ നിലവിലുള്ളയാളെ നിലനിർത്തുന്നതിനുമുള്ള ഉത്തരവാദിത്വം ആർക്കാണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) വൈപ്പിൻ മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടെ വിവരം ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	തസ്തിക	അനുവദിക്കപ്പെട്ട തസ്തിക	ഇപ്പോഴുള്ള ജീവനക്കാരുടെ എണ്ണം	ഒഴിവ്
(1)	(2)	(3)	(4)	(5)	(6)
1	പി.എച്ച്.സി., അയ്യമ്പിള്ളി	അസിസ്റ്റന്റ് സർജൻ	2	1	1
2	പി.എച്ച്.സി., വല്ലാർപാടം	അസിസ്റ്റന്റ് സർജൻ	1	1	...
3	പി.എച്ച്.സി., മുളവുകാട്	അസിസ്റ്റന്റ് സർജൻ	2	2	...
4	പി.എച്ച്.സി., മുനമ്പം	അസിസ്റ്റന്റ് സർജൻ	2	2	...

(1)	(2)	(3)	(4)	(5)	(6)
5	പി.എച്ച്.സി., പുളുവൈപ്പ്	അസിസ്റ്റന്റ് സർജൻ	1	1	...
6	പി.എച്ച്.സി., എടവനക്കാട്	അസിസ്റ്റന്റ് സർജൻ	1	1	...
7	പി.എച്ച്.സി., പിഴല	അസിസ്റ്റന്റ് സർജൻ	2	2	...
8	പി.എച്ച്.സി., നായരമ്പലം	അസിസ്റ്റന്റ് സർജൻ	1	1	...
9	സി.എച്ച്.സി., മാലിപ്പുറം	സിവിൽ സർജൻ	2	1	1
		അസിസ്റ്റന്റ് സർജൻ	3	3	...
10	താലൂക്ക് ആശുപത്രി, ഞാറയ്ക്കൽ	സിവിൽ സർജൻ	1	1	...
		അസിസ്റ്റന്റ് സർജൻ	5	5	...

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇക്കാര്യത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് പകരം സംവിധാനം ഏർപ്പെടുത്താനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

തിരുവല്ല താലൂക്കാശുപത്രിയിൽ വിവിധ ഡോക്ടർമാരുടെ ഒഴിവുകൾ

56 (8116) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവല്ലാ താലൂക്ക് ആശുപത്രിയിൽ സർജൻ, ഓർത്തോപീഡിക്സ്, പീഡിയാടിക്സ് എന്നീ വിഭാഗങ്ങളിൽ ഡോക്ടർമാരെ നിയമിച്ചിട്ടില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിരവധി ആളുകൾ ചികിത്സയ്ക്കായി എത്തിച്ചേരുന്ന ആശുപത്രിയിൽ രോഗികളുടെ എണ്ണത്തിന് ആനുപാതികമായി ഡോക്ടർമാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly